കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ബി.പി.എൽ. സർവ്വേ-2009 – ബി.പി.എൽ. സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ബന്ധപ്പെട്ട ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(കൈ). 309/15/തസ്വഭവ** **തിരുവനന്തപുരം, തീയതി,30.09.15**

പരാമർശം:
1. സ.ഉ.(കൈ)നം.62/09/തസ്വഭവ തീയതി 24.04.2009.
2. സ.ഉ.(കൈ)നം.16/11/തസ്വഭവ തീയതി 14.01.2011.
3. സ.ഉ.(കൈ)നം.209/11/തസ്വഭവ തീയതി 07.09.2011.
4. സ.ഉ.(കൈ)നം.112/12/തസ്വഭവ തീയതി 27.04.2012.
5. സ.ഉ.(കൈ)നം.224/12/തസ്വഭവ തീയതി 18.08.2012.
6. സ.ഉ.(കൈ)നം.304/12/തസ്വഭവ തീയതി 23.11.2012.
7. സ.ഉ.(കൈ)നം.223/14/തസ്വഭവ തീയതി 12.12.2014.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തിരം സംസ്ഥാനത്ത് ബി.പി.എൽ. പട്ടിക തയ്യാറാക്കുന്നതിനായി അധ്യാപകരെ ഉപയോഗിച്ച് വിവരശേഖരണം നടത്തുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബി.പി.എൽ. പട്ടിക തയ്യാറാക്കുന്നതിനുള്ള സൂചകങ്ങൾക്കും അവയുടെ വെയിറ്റേജിനും മാനദണ്ഡങ്ങൾക്കും അംഗീകാരം നൽകി ഉത്തരവ്,പരാമർശം(2) പ്രകാരം പുറപ്പെടുവിച്ചിരുന്നു. ടി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള അധിക മാനദണ്ഡങ്ങൾക്കും, നിലവിലുള്ള മാനദണ്ഡങ്ങൾ പുനർനിർണ്ണയിച്ചും പരാമർശം 3 മുതൽ 6 വരെയുള്ള ഉത്തരവുകൾ പ്രകാരം അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസിദ്ധീകരിച്ച കരട് പട്ടികയിൽ അർഹതപ്പെട്ട വളരെയധികം കുടുംബങ്ങൾ ഉൾപ്പെടാതെ വരികയും അനർഹർ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ അർഹതപ്പെട്ട കുടുംബങ്ങൾക്ക് കേന്ദ്ര/സംസ്ഥാന സർക്കാരിന്റെ വിവിധ ക്ഷേമപ്രവർത്തനങ്ങൾ/ചികിത്സാ ആനുകൂല്യങ്ങൾ/ വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭ്യമാകാതെ വരികയും ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത എന്നാൽ പട്ടികയിൽ ഉൾപ്പെടാൻ അർഹതയുള്ള കുടുംബങ്ങളിലെ അംഗങ്ങൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിക്കുന്ന വിവിധ ക്ഷേമ പ്രവർത്തനങ്ങൾ/ആനുകൂല്യങ്ങൾ/ചികിത്സാ/വിദ്യാഭ്യാസ സംബന്ധമായ ആവശ്യങ്ങൾ എന്നിവയ്ക്ക് ബി.പി.എൽ. സർട്ടിഫിക്കറ്റ് ആവശ്യമായി വരുന്ന സാഹചര്യത്തിൽ അപേക്ഷ വിശദമായി പരിശോധിച്ച് നിലവിലുള്ള അർഹതാമാനദണ്ഡം ഉറപ്പുവരുത്തി ബി.പി.എൽ. സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ബന്ധപ്പെട്ട ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. ബി.പി.എൽ. സർട്ടിഫിക്കറ്റ് അനുവദിക്കപ്പെട്ട വ്യക്തികളെ/കുടുംബങ്ങളെ സംബന്ധിച്ച വിവരം പ്രത്യേക രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ജെയിംസ് വർഗ്ഗീസ് ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
4. ജില്ലാ കളക്ടർമാർ
5. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി (പഞ്ചായത്ത് ഡയറക്ടർ മുഖേന)
6. നഗരസഭ സെക്രട്ടറിമാർ (നഗരകാര്യ ഡയറക്ടർ മുഖേന)
7. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റ് (ഗ്രാമവികസന കമ്മീഷണർ മുഖേന)
8. ഗ്രാമപഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റ് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
9. എല്ലാ ജില്ലാ പ്ലാനിങ് ഓഫീസർമാർ
10. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
11. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
12. കുടുംബശ്രീ, മിഷൻ കോ-ഓർഡിനേറ്റർ (എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മുഖേന)
13. സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ
14. ഡയറക്ടർ, പബ്ലിക് റിലേഷൻസ്
15. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
16. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ